# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അറക്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAIDK 11/611/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 08/09/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അറക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അറക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അറക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAIDK 11/611/2021 തീയ്യതി: 08/09/2021

## ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-08-2019 മുതൽ 09-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സ്നിഗ്ദ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 12-07-2021 | 21-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-07-2021 | 21-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.സുസനിയാമ്മ തോമസ് ഓഡിറ്റ് ഓഫീസർ
ശ്രീ.രാജീവ് എം.എസ് ഓഡിറ്റ് ഓഫീസർ
ശ്രാമതി.മരുൺ മാത്യു അസി. ഓഡിറ്റ് ഓഫീസർ
ശ്രീ.ജിബി ഇ.വി അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി അനീറ്റ പി സാമുവൽ അസി. ഓഡിറ്റ് ഓഫീസർ
ശ്രാമതി.മായാ കൃഷ്ണൻ ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ടോം ജോസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രാമതി.അംബിക സി | സെക്രട്ടറി | 01-04-2019 | 12-08-2019 |
| ശ്രീ.മഹേഷ് കുമാർ | സെക്രട്ടറി | 13-08-2019 | 01-12-2019 |
| ശ്രമതി.സോണിയ പി മാത്യു | സെക്രട്ടറി | 02-12-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മാർട്ടിൻ തോമസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.അഞ്ജു ട്രീസ ജോയി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.ജീന മേരി വർഗ്ഗീസ് | ആയുർവ്വേദം,മെഡിക്കൽ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ജലജ കുമാരി എൻ. ജി | അസി.സെക്രട്ടറി | 01-04-2019 | 31-07-2019 |
| ശ്രീമതി മേഴ്സി ജോർഡ്ജ് | അസി.സെക്രട്ടറി | 01-08-2019 | 31-03-2020 |
| ശ്രീ.അനീഷ് സത്യൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ.അനിലാ ബേബി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.മറിയാമ്മ തോമസ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| | | | |

| | | | |
|---|---|---|---|
| ശ്രീമതി എലിസബത്ത് | വി.ഇ.ഓ | 01-04-2019 | 31-03-2020 |
| ഡോ.ദീപ്തി എം.യു | ഗവ.ട്രൈബൽ ആയുർവ്വേദം,മെഡിക്കൽ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.വൽസമ്മ എൻ.റ്റി | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ഡോ.മായാ മാത്യു | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Marun Mathew (Asst. Audit Officer, On 16-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 08-09-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Marun Mathew (Asst. Audit Officer, On 16-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 16-08-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Marun Mathew (Asst. Audit Officer, On 12-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 13-08-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Marun Mathew (Asst. Audit Officer, On 13-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 08-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: M.S.Rajeev (Audit Officer, On 21-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 08-09-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Marun Mathew (Asst. Audit Officer, On 17-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 13-08-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Susaniamma Thomas (Audit Officer, On 12-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 08-09-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Susaniamma Thomas (Audit Officer, On 13-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 13-08-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Susaniamma Thomas (Audit Officer, On 18-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 13-08-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Susaniamma Thomas (Audit Officer, On 17-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 16-08-2021) | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Marun Mathew (Asst. Audit Officer, On 19-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 08-09-2021) | 1-11 |
| 12 | വാല്യുവേഷനിലും കുറഞ്ഞ തുക ഈടാക്കി സാധനങ്ങൾ വിൽപ്പന നടത്തി- നഷ്ടം ₹112,862/-<br>Written By: Maya Krishnan (Auditor, On 16-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 08-09-2021) | 1-12 |
| 13 | വാടകക്കുടിശ്ശിക ഈടാക്കായില്ല<br>Written By: Maya Krishnan (Auditor, On 16-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 08-09-2021) | 1-13 |
| 14 | തൊഴിൽ നികുതി ഈടാക്കാനവശേഷിക്കുന്നു<br>Written By: Maya Krishnan (Auditor, On 20-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 16-08-2021) | 1-14 |
| 15 | ദുരിതാശ്വാസ നിധി<br>Written By: Susaniamma Thomas (Audit Officer, On 18-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 16-08-2021) | 1-15 |
| 16 | ടെണ്ടർ ഫീ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.<br>Written By: M.S.Rajeev (Audit Officer, On 21-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 16-08-2021) | 1-16 |
| 17 | എസ്.എസ്.എ. വിഹിതം ഒടുക്കിയത് -വിനിയോഗവിവരം ലഭ്യമല്ല.<br>Written By: E.V.Gibi (Asst. Audit Officer, On 21-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 08-09-2021) | 1-17 |
| 18 | വാർഷിക പ്രൊക്യയർമെന്റ് പ്ലാനിംഗ് നടത്തിയില്ല<br>Written By: Susaniamma Thomas (Audit Officer, On 18-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 16-08-2021) | 1-18 |
| 19 | ഗവ.എൽ.പി.സ്കൂളുകളിലേക്ക് ഡിജിറ്റൽ ബോർഡ് സ്ഥാപിക്കൽ - ഫയൽ ഹാജരാക്കിയില്ല<br>Written By: E.V.Gibi (Asst. Audit Officer, On 21-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 08-09-2021) | 1-19 |
| 20 | ലാപ്പ്ടോപ്പ് നൽകൽ (പട്ടിക വർഗ്ഗം) എന്ന പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.<br>Written By: E.V.Gibi (Asst. Audit Officer, On 21-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 08-09-2021) | 1-20 |
| | **ഭാഗം 2** | |
| 1 | വാല്യുവേഷനിലും കുറഞ്ഞ തുക ഈടാക്കി സാധനങ്ങൾ വിൽപ്പന നടത്തി- നഷ്ടം ₹112,862/-<br>Written By: Maya Krishnan (Auditor, On 03-09-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 08-09-2021) | 2-1 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Susaniamma Thomas (Audit Officer, On 13-07-2021) | 4-1 |

| | | |
|---|---|---|
| | Last Updated By: Susaniamma Thomas (Audit Officer, On 16-08-2021) | |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Marun Mathew (Asst. Audit Officer, On 17-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 16-08-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Susaniamma Thomas (Audit Officer, On 12-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 16-08-2021) | 4-3 |
| 4 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Susaniamma Thomas (Audit Officer, On 13-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 08-09-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Susaniamma Thomas (Audit Officer, On 13-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 08-09-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Susaniamma Thomas (Audit Officer, On 13-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 13-07-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Susaniamma Thomas (Audit Officer, On 13-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 13-07-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Susaniamma Thomas (Audit Officer, On 12-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 08-09-2021) | 4-8 |
| 9 | ചാർജ്,സർചാർജ്<br>Written By: Susaniamma Thomas (Audit Officer, On 12-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 08-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Susaniamma Thomas (Audit Officer, On 13-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 08-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Susaniamma Thomas (Audit Officer, On 12-07-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 08-09-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

ഭാഗം -1

1-1 ബജറ്റ്

14.02.2019-ലെ പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച 2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റ് 1-1 തീരുമാന പ്രകാരം അംഗീകാരം നേടി. ₹173720242/- വരവും ₹171987250/- ചെലവും ₹1732992/- മിച്ചവും വരുന്ന പരിഷ്കരിച്ച ബജറ്റ് 25.02.2020-ലെ 7(1) നം.തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചു. കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും 214(1) പ്രകാരം വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശം ഓരോ സ്റ്റാൻഡിംഗ് കമ്മിറ്റികളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും നല്കുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത നിർദ്ദേശങ്ങളെ പരിഗണിച്ചുകൊണ്ടുമാണ് ബജറ്റ് തയ്യാറാക്കേണ്ടത്. എന്നാൽ അറക്കുളം ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് ഫയലിൽ സെക്രട്ടറി ഉൾപ്പെടെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർദ്ധേശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല നിർവ്വഹണ ഉദ്യോഗസ്ഥരുടെനിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ പരിഗണിക്കുകയോ ചർച്ച ചെയ്യുകയോ ചെയ്തിട്ടുള്ളതായി കാണിക്കുന്ന ഒരു രേഖയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖഹാജരാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി നം 1 ന് മറുപടി നല്കിയിട്ടില്ല. സെക്രട്ടറി ബജറ്റുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റും നിർദ്ദേശങ്ങളും തയ്യാറാക്കി നല്കിയിട്ടുള്ളതായി കാണുന്നില്ല.

## നികുതി ഇനങ്ങളുടെ വരവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ്

സ്ഥാപനത്തിന്റെ നികുതി ഇനങ്ങളുടെ വരവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റിന്റേയും യഥാർത്ഥത്തിലുള്ളതിന്റേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | 2019-20 പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് ₹ | യഥാർത്ഥ വരുമാനം (ഇൻകം സ്റ്റേറ്റുമെന്റ് പ്രകാരം ₹ | വ്യതിയാനം ₹ |
|---|---|---|---|
| വസ്തു നികുതി | 2300000 | 2238685 | 61315 |
| തൊഴിൽ നികുതി | 3000000 | 2861640 | 138360 |
| ആകെ | 5300000 | 5100325 | 199675 |

## റവന്യൂ ചെലവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ്

| ഇനം | 2019-20 പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് (₹) | യഥാർത്ഥ ചെലവ് (ഇൻകം സ്റ്റേറ്റുമെന്റ് പ്രകാരം (₹) | വ്യതിയാനം (₹) |
|---|---|---|---|
| ജീവനക്കാര്യത്തിലേക്കുള്ള ചെലവുകൾ | 13830,000 | 12641973 | 1188027 |
| ഭരണ ചെലവുകൾ | 1980,000 | 1474117 | 505883 |
| സംരക്ഷണവും നടത്തിപ്പും | 1980,000 | 1618866 | 361134 |
| പലിശ അനുബന്ധ ചെലവുകൾ | 15000 | 401525 | 386525 |
| ആകെ അനിവാര്യ ചെലവുകൾ | 17805000 | 16136481 | 14355981 |

പലിശ അനുബന്ധ ചെലവുകൾ ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ 386525അധികരിച്ചതായി കാണുന്നു. കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും 214(1) 6 പ്രകാരം അനിവാര്യമായ അടിയന്തിര സാഹചര്യങ്ങളിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ളതായ ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഒരു തുകയും ചെലവാക്കുവാൻ പാടില്ലാത്തതാണ്. ബജറ്റ് തയ്യാറാക്കിയതിലെ അപാകതയിലേക്കാണ് ഇത് വിരൽ

ചൂണ്ടുന്നത്. റവന്യൂ ചെലവുകളാവട്ടെ ബജറ്റ് എസ്റ്റിമേറ്റിനേക്കാൾ കുറവാണെന്നു കാണുന്നു. സ്ഥാപനത്തിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന ആധികാരിക രേഖയെന്ന നിലയിൽ ബജറ്റ് തയ്യാറാക്കുമ്പോൾ സ്ഥാപനം കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 21.05.2020 | - | - |

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15690731 |
| വരവ് | 86046976 |
| ആകെ | 101737707 |
| ചെലവ് | 83267069 |
| നീക്കിയിരിപ്പ്- | 18470638 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 21070730 | 21070730 | 16901549 | 4169181 |
| വികസന ഫണ്ട്-എസ്.സി.പി(ACR പ്രകാരം) | | 3782083 | 3782083 | 2080849 | 1701234 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 9517963 | 9517963 | 8141145 | 1376818 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 8349000 | 8349000 | 4927851 | 3421149 |
| മെയിന്റനൻസ്, നോൺ-റോഡ്(ACR പ്രകാരം) | | 5700000 | 5700000 | 4068178 | 1631822 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 14750636 | 14750636 | 9231244 | 5519392 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 17003 | 1683402 | 1700405 | 1699111 | 1294 |
| | | 35086993 | 35086993 | 35086993 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ(ഇനം തിരിച്ച് ചേർക്കുക) | | | | | |
| ടോട്ടൽ സാനിട്ടേഷൻ ഗ്രാന്റ് | 25000 | -- | 25000 | - | 25000 |
| ശുചിത്വ മിഷൻ | 1015246 | 197142 | 1212388 | 932457 | 279931 |
| വെസ്റ്റേൺ ഗാട്ട് | 5500 | - | 5500 | - | 5500 |
| എൻ ആർ എച്ച് എം | 447633 | -- | 447633 | 37935 | 409698 |
| ഐ സി ഡി എസ് | 1330200 | 743489 | 2073689 | 222027 | 1851662 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ(ഇനം തിരിച്ച് ചേർക്കുക) | | | | | |
| എം എൽ എ ഫണ്ട് | -- | 249277 | 249277 | 249277 | - |
| കേരളോത്സവം | - | 20000 | 20000 | 20000 | - |
| ലൈഫ് സംസ്ഥാന വിഹിതം | - | 4935468 | 4935468 | 4660000 | 275468 |
| ജലനിധി | 1485063 | 1310090 | 2795153 | 261544 | 2533609 |
| വിമുക്തി& കുടുംബശ്രീ ചലഞ്ച് ഫണ്ട് | 25000 | 676198 | 701198 | 676198 | 25000 |
| എസ്.റ്റി തൊഴിൽ പരിശീലനം | 28800 | - | 28800 | - | 28800 |
| പ്രളയഫണ്ട് സംഭാവന | 9540 | - | 9540 | 9540 | - |
| പട്ടിക വർഗ്ഗവികസന വകുപ്പ് | 3300739 | 3000000 | 6300739 | 2599517 | 3701222 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് (ബ്ലോക്ക് പഞ്ചായത്ത്) | 108544 | 3901699 | 4010243 | 2969312 | 1040931 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് (ജില്ലാ പഞ്ചായത്ത്) | 213287 | - | 213287 | 213287 | -- |

1-5 പദ്ധതി അവലോകനം

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം. | അടങ്കൽ ₹ | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം. | ചെലവ് ₹ | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം. | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 14 | 2258071 | 5 | 263515 | 9 | 11.67 |
| വെറ്ററിനറി സർജൻ | 16 | 7226814 | 15 | 4715186 | 1 | 65.24 |
| മെഡിക്കൽ ഓഫീസർ പിഎച്ച് സി | 11 | 3182830 | 10 | 2607181 | 1 | 81.91 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 275000 | 2 | 274400 | | 99.78 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 7 | 1444680 | 7 | 1333923 | | 92.33 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 12 | 5427220 | 7 | 3535823 | 5 | 65.15 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 800000 | | - | 1 | 00 |
| സെക്രട്ടറി | 26 | 8187067 | 18 | 6140596 | 8 | 75 |
| ഹെഡ് മാസ്റ്റർ എൽ പി എസ് | 13 | 3055475 | 9 | 2606630 | 4 | 85.31 |
| വി ഇ ഓ | 15 | 86013640 | 10 | 24622068 | 5 | 28.63 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 122 | 38893621 | 60 | 15752289 | 62 | 40.50 |
| അസി. സെക്രട്ടറി | 8 | 1509000 | 8 | 1001000 | | 66.34 |
| **ആകെ** | 247 | 158273418 | 151 | 62852611 | 96 | 39.71 |

247 പദ്ധതികൾക്കായി ₹158273418/- വകയിരുത്തിയിരുന്നുവെങ്കിലും 151 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്.(₹62852611/- മാത്രമാണ് ചെലവ്)

2. വിവിധ മേഖലകൾക്ക് വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിവരം താഴെ നൽകുന്നു

| ഫണ്ട് | മേഖല | പ്രോജക്ടിന്റെ എണ്ണം | അടങ്കൽ തുക ₹ | ചെലവ് തുക ₹ |
|---|---|---|---|---|
| പൊതു വിഭാഗം | ഉത്പാദനം | 25 | 10326263 | 4892618 |
| | സേവനം | 91 | 104573618 | 37828805 |
| | പശ്ചാത്തലം | 77 | 23043336 | 9576619 |
| പട്ടിക ജാതി വിഭാഗം | ഉത്പാദനം | 2 | 220588 | 93425 |
| | സേവനം | 8 | 3945659 | 2240799 |
| | | | | |

| | | | | |
|---|---|---|---|---|
| | പശ്ചാത്തലം | 2 | 1091142 | - |
| പട്ടിക വർഗ്ഗ വിഭാഗം | ഉത്പാദനം | 9 | 1381944 | 503770 |
| | സേവനം | 24 | 10706457 | 7030125 |
| | പശ്ചാത്തലം | 9 | 2984411 | 686450 |
| **ആകെ** | | 247 | 158273418 | 62852611 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 17003 | 1683402 | 1700405 | 1699111 | 1294 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 35086993 | 35086993 | 35086993 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 19320 | 18 |
| കർഷകതൊഴിലാളി പെൻഷൻ | 246600 | 71 |
| വിധവാപെൻഷൻ | 2182800 | 640 |
| വാർദ്ധക്യകാലപെൻഷൻ | 5931600 | 1720 |
| വികലാംഗപെൻഷൻ | 757500 | 220 |
| അവിവാഹിതർക്കുള്ള പെൻഷൻ | 122400 | 35 |

### 1-7-1 പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം

ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥർക്കു യഥാസമയം കൈമാറി അവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ച് തീർപ്പു കല്പിക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന ഓരോ അപേക്ഷയും തീർപ്പാക്കുന്നതിന് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ചട്ടങ്ങൾ പ്രകാരം സർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്.

സമയപരിധി കേവലം ഒന്നര മാസം മുതൽ രണ്ടു മാസം വരെയായിരിക്കെ അപേക്ഷകളിൽ തീരുമാനമെടുക്കാൻ കാലതാമസമുണ്ടാകുന്നതായി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വെളിവാക്കുന്നു. പല അപേക്ഷകളും അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയതു വരെയുള്ള വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിലുള്ളത്. സമൂഹത്തിൽ ഏറ്റവും പാർശ്വവത്ക്കരിക്കപ്പെട്ടവരും സാമ്പത്തികപരവും ആരോഗ്യപരവുമായി ഏറെ പിന്നിൽ നിൽക്കുന്നവരുമായ ജനവിഭാഗത്തിന് ഒരു കൈത്താങ്ങ് എന്ന നിലയിൽ സർക്കാർ അവതരിപ്പിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അർഹമായ കൈകളിലേക്ക് താമസംവിനാ എത്തിക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് ബുക്കിൽ അന്വേഷണ റിപ്പോർട്ട് ലഭിച്ച വിവിധ പെൻഷൻ അപേക്ഷകൾ തീർപ്പാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സമർപ്പിക്കപ്പെട്ട മുഴുവൻ അപേക്ഷകളും യഥാവിധി തീർപ്പാക്കിയെന്ന് ഉറപ്പു വരുത്തിയിട്ടില്ല. ഭരണസമിതി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, അന്വേഷണ ഉദ്യോഗസ്ഥർ എന്നിവരുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.07.2021 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹9590/-യുടെ ബാലൻസ് ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലംമാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതുമരാമത്ത് പ്രവർത്തികളുടെ കരാർ ഉടമ്പടി രജിസ്റ്റർ, ക്യാഷ്ബുക്ക്, ആസ്തിരജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുകയോ തൻപതിവേട്

യഥാവിധി പരിപാലിക്കുകയോ ചെയ്യുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്.ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവ്, ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടപ്പിലാക്കുന്നില്ല.

പഞ്ചായത്തിൽ 14 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷത്തിൽ ഓരോ യോഗങ്ങൾ മാത്രമാണ് ചേർന്നിട്ടുള്ളത്. പ്രസ്തുത യോഗത്തിന്റെ ഹാജർ രേഖപ്പെടുത്തിയതല്ലാതെ മിനിട്സ് ബുക്കിൽ മറ്റ് രേഖപ്പെടുത്തലുകളില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം പദ്ധതി നിർവ്വഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാനും സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.04.2021 മുതൽ 20.04.2021വരെ | 2,3,4,5,6/20 | 05.05.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.09.2009 | 2007-08 മുതൽ 2008-09 വരെ | 09.11.2009 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2019-20 ലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.വസ്തുനികുതി സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വരവ്, കുടിശ്ശിക തുകകളുമായി വാർഷിക കണക്കുകളിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

2.തൻവർഷ കടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

3.ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ വാർഷികകണക്കുകളിലെ ആസ്തികളുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

4.ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടങ്കിലും തുക കണക്കാക്കിയതിനുള്ള വർക്ക്ഷീറ്റ് ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല.

5.ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് ഐ 18 ൽ പ്രീപെയ്ഡ് എക്സ്പെൻഡിച്ചർ എന്ന ഇനത്തിൽ ₹93914/-കാണിച്ചിരിക്കുന്നു. എന്നാൽ ആയതിന് ഉപോൽബലകമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

6. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി5, ബി16 എന്നിവ പൊരുത്തപ്പെടുന്നില്ല.

## 1-12 വാല്യുവേഷനിലും കുറഞ്ഞ തുക ഈടാക്കി സാധനങ്ങൾ വിൽപ്പന നടത്തി- നഷ്ടം ₹112,862/-

2019-20 സാമ്പത്തിക വർഷത്തിൽ അറക്കുളം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെ സൂചിപ്പിക്കുന്ന ഇനങ്ങൾ ലേലം ചെയ്തപ്പോൾ വാല്യുവേഷനിൽ നിന്നും വളരെ കുറവായ തുക ഈടാക്കി ലേലത്തിൽ നൽകിയതായി കാണുന്നു. സാധനങ്ങൾ ലേലത്തിൽ പോകാത്തതിനാലും വീണ്ടും വാല്യുവേഷൻ എടുക്കുന്നതിന് സമയം

ഇല്ലാത്തതിനാലും ക്വട്ടേഷൻ ക്ഷണിച്ച് കൂടിയ തുകയ്ക്ക് അംഗീകരിച്ച് കൊടുക്കുകയാണ് ചെയ്തതെന്നും ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. ജി.എസ് ടി, നികുതി എന്നിവ ഒഴിവാക്കിയിട്ടുണ്ട്. ലേലത്തിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ലേലം കൊണ്ട ആളുടെ വിവരം | വാല്യുവേഷൻ തുക / തീയതി | അവസാനം ലേലം നടത്തിയ തീയതി | ക്വട്ടേഷൻ വഴി ഈടാക്കിയ തുക / തീയതി | വാല്യുവേഷൻ തുക ഈടാക്കാത്തതിനാൽ ഉണ്ടായ നഷ്ടം |
|---|---|---|---|---|---|---|
| 1 | ഇടുക്കര ജംഗ്ഷന് സമീപം കടപുഴകി വീണ ഈട്ടിമരം | അബ്ദുൾ ജബ്ബാർ, തകിടിയേൽ കുടത്തൂർ | 71281/ 29-08-19 | 14-01-2020 | 25100/ 05-03-2020 | 46181 |
| 2 | കാലി ബിറ്റുമിൻ ബാരലുകൾ | ചാക്കോ ആന്റണി കരികാണാംപാറയിൽ കാവുംപടി | 19478/ 09-07-2019 | 06-12-19 | 4000/ 20-03-20 | 15478 |
| 3 | അറക്കുളം മൃഗാശുപത്രിക്ക് സമീപം വെട്ടിമാറ്റിയ പ്ലാവിന്റെ കഷണങ്ങൾ | ജബ്ബാർ ടി.കെ. തകടിയേൽ കുടയത്തൂർ | 45600/ 22-07-2019 | 06-12-2019 | 29000/ 16-03-2020 | 16600 |
| 4 | പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന ഉപയോഗശൂന്യമായ സാധനങ്ങൾ | അനസ് കുറ്റിമരത്തിൽ | 18750/ 17-05-2019 | 11-06-19 (രണ്ടാം ലേലം) | 11500/ 11-06-19(ലേല പ്രകാരം) | 7250 |
| 5 | മണപാടി പാലത്തിന് സമീപം തോട്ടിൽ വീണു കിടക്കുന്ന ആഞ്ഞിലി മരം | ജബ്ബാർ തകിടിയേൽ | 49853/ 12-09-2018 | 15-02-2019 | 22500/ 19-06-2019 | 27353 |
| വാല്യുവേഷൻ തുക ഈടാക്കാത്തതിനാൽ ഉണ്ടായ ആകെ നഷ്ടം | | | | | | ₹112,862/-(ഒരു ലക്ഷത്തി പന്ത്രണ്ടായിരത്തി എണ്ണൂറ്റി അറുപത്തി രണ്ട്) |

വാല്യുവേഷനിലും കുറഞ്ഞ തുകയ്ക്ക് ലേലം അംഗീകരിച്ചതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക്(നം.8/14.07.2021) മറുപടിയായി ലേലം കൊള്ളാൻ ആളില്ലാത്ത സാഹചര്യത്തിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരമാണ് പുതുക്കിയ വാല്യുവേഷന് വേണ്ടി അപേക്ഷിക്കാതെ ക്വട്ടേഷൻ ക്ഷണിച്ച് മേൽ സാധനങ്ങൾ വിൽപ്പന നടത്തിയത് എന്നാണ് അറിയിച്ചത്. വാല്യുവേഷൻ തുകയ്ക്ക് സാധനങ്ങൾ ലേലം നടന്നില്ലെങ്കിൽ പുതുക്കിയ വാല്യുവേഷൻ വാങ്ങുന്നതിന് പകരം ചുരുങ്ങിയ സമയത്തിനുള്ളിൽത്തന്നെ ക്വട്ടേഷൻ നടത്തി ലഭ്യമായ തുകയ്ക്ക് സാധനങ്ങൾ നൽകിയിരിയ്ക്കുന്നത് ചട്ടവിരുദ്ധവും സ്ഥാപിത താൽപ്പര്യങ്ങൾ മുൻനിർത്തിയും പൊതുമുതൽ അശ്രദ്ധമായി കൈകാര്യം ചെയ്യുന്നതിന് ഉത്തമ ദൃഷ്ടാന്തവും ആണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യത്തെ സംബന്ധിച്ച് തൃപ്തികരമായ മറുപടി ലഭ്യമാക്കാത്ത പക്ഷം നഷ്ടത്തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതാണ്.

## 1-13 വാടകക്കുടിശ്ശിക ഈടാക്കായില്ല

അറക്കുളം ഗ്രാമപഞ്ചായത്ത് 2019-20 ലെ കെട്ടിട വാടക ഇനത്തിൽ താഴ സൂചിപ്പിയ്ക്കുന്ന തുക കുടിശ്ശികയായി കാണുന്നു.

| റൂം നമ്പർ | വാടകക്കാരൻ | മാസവാടക | കുടിശ്ശിക | റിമാർക്സ് |
|---|---|---|---|---|
| ബസ് സ്റ്റാന്റ് മുകളിലത്തെ നില റൂം1 | ജില്ലാ പട്ടികജാതി വികസന ഓഫീസ്, ഇടുക്കി | 1386x12= ₹16,632/- | 1386x6= ₹8316/- | വാടകക്കാരുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടില്ല. |

വാടക കുടിശിക ഈടാക്കുന്നതിനായി പഞ്ചായത്ത് കത്ത് മുഖേന അറിയിപ്പ് നൽകിയിരുന്നെങ്കിലും തുക അടവാക്കിയില്ല. വാടകക്കാരിൽ നിന്നും കുടിശ്ശിക തുക അടിയന്തിരമായി ഈടാക്കി വിവരമറിയിക്കാത്ത പക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-14 തൊഴിൽ നികുതി ഈടാക്കാനവശേഷിക്കുന്നു

അറക്കുളം പഞ്ചായത്തിലെ 2020-21 വർഷത്തെ തൊഴിൽ നികുതിയിനത്തിൽ താഴെ സൂചിപ്പിക്കുന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ നികുതി കുടിശ്ശികയായി കാണുന്നു.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| പോലീസ് സ്റ്റേഷൻ, കുളമാവ് | II |

കുടിശ്ശിക നികുതി അടിയന്തിരമായി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-15 ദുരിതാശ്വാസ നിധി

2003-ലെ കേരള പഞ്ചായത്ത് രാജ്(ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പ്രകൃതിക്ഷോഭം, അത്യാഹിതം, മാറാരോഗങ്ങൾ, പേമാരി, വെള്ളപ്പൊക്കം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം എന്നിവ മൂലം ദുരിതമനുഭവിക്കുന്ന പഞ്ചായത്തു നിവാസികളുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നല്കുന്നതിനുദ്ദേശിച്ച് വേറിട്ട് രൂപീകരിക്കുന്ന ഒരു അക്കൗണ്ടാണ് ദുരിതാശ്വാസ നിധി.എന്നാൽ നാളിതുവരെയും ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വസനിധി രൂപീകരിച്ചിട്ടില്ല. പ്രസ്തുത ഉദ്ദേശ്യം മുൻ നിർത്തി ചട്ടം 3(2) പ്രകാരം കായിക-വിനോദ പരിപാടികൾ സംഘടിപ്പിച്ച് സംഭാവനകൾ സ്വീകരിച്ച് അക്കൗണ്ട് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-16 ടെണ്ടർ ഫീ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

അഞ്ചു ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഈ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.4.2015-ലെ ജി.ഒ(പി) 1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്തു വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് 2019-20 സാമ്പത്തിക വർഷം ഈ-ടെൻഡർ നടപടികളിലൂടെ 18പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകകൾ ( ടെണ്ടർ ഫോം വില + ടെൻഡർ വിജയികളായ കരാറുകാരുടെ നിരതദ്രവ്യം) ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. വിവിധ കരാറുകാർ ഈയിനങ്ങളിൽ ഒടുക്കിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തികവർഷം | പ്രവൃത്തികളുടെ എണ്ണം | ഫോം വില |
|---|---|---|
| 2019-20 | 09 | 67658 |

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

1-17 എസ്.എസ്.എ. വിഹിതം ഒടുക്കിയത് -വിനിയോഗവിവരം ലഭ്യമല്ല.

2019-20 സാമ്പത്തിക വർഷം സമഗ്ര ശിക്ഷ കേരളയുടെ ഭാഗമായി അറക്കുളം ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിൽ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികൾക്കായി ഗ്രാമ പഞ്ചായത്ത് വിഹിതമായി താഴെ പറയുന്ന ₹1600000/- വകയിരുത്തി പദ്ധതി ഏറ്റെടുക്കുകയും നിർവ്വഹണ ഉദ്യോഗസ്ഥയായ എച്ച്.എം.ജി.എൽ.പി.എസ്. പതിപ്പള്ളി, എസ്.എസ്.കെ. ഇടുക്കി ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർക്ക് തുക കൈമാറുകയും ചെയ്തിട്ടുണ്ട്

| ക്രമ നം. | ഇനം | ബിൽ നം. തീയതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | എസ്.എസ്.എ. വിഹിതം (ജനറൽ) | 332699/ 11.07.2019 | 1000000 | വിനിയോഗ വിവരം ഇല്ല. |
| 2 | എസ്.എസ്.എ. വിഹിതം (എസ്.സി.പി.) | 332700/ 11.07.2019 | 200000 | വിനിയോഗ വിവരം ഇല്ല. |
| 3 | എസ്.എസ്.എ. വിഹിതം (ടി.എസ്.പി.) | 332703/ 11.07.2019 | 400000 | വിനിയോഗ വിവരം ഇല്ല. |
| | ആകെ | | 1600000 | |

പദ്ധതി ആസൂത്രണം ചെയ്ത പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ സ്കൂളുകളിൽ തുക വിനിയോഗിച്ചതിന്റെ യാതൊരു രേഖയും ലഭ്യമാക്കിയിട്ടില്ല. ടി തുകയുടെ ഇനം തിരിച്ചുള്ള വിശദമായ വിനിയോഗ വിവരം ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹1600000/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18 വാർഷിക പ്രൊക്യൂർമെന്റ് പ്ലാനിംഗ് നടത്തിയില്ല

സർക്കാർ ഉത്തരവ് ജി.ഒ. (പി)259/2010/എൽ.എസ്.ജി.ഡി തിയതി 08.10.2010 പ്രകാരം സാധനസാമഗ്രികളും സേവനങ്ങളും തദ്ദേശസ്ഥാപനങ്ങൾ സമാഹരിക്കുന്നതിന്റെ പ്രഥമ നടപടിയായി ഓരോ തദ്ദേശസ്ഥാപനവും അതിന്റെ അനുബന്ധസ്ഥാപനങ്ങളും ഒരു സാമ്പത്തിക വർഷം സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന മൊത്തം സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷിക പ്രൊക്യൂർമെന്റ് പ്ലാനിംഗ് സാമ്പത്തിക വർഷാരംഭത്തിന് മുമ്പായി പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ച് തയ്യാറാക്കേണ്ടതാണ്. അപ്രകാരം ചെയ്യുമ്പോൾ സമാഹരിക്കുന്നതിന് ഉദ്ദേശിക്കുന്ന സാധന സാമഗ്രികളുടെയും സേവനങ്ങളുടെയും ആവശ്യകതയും പ്രായോഗികതയും ഉപയോഗ തുടർച്ചയും

മുൻഗണനയും കാര്യക്ഷമതയും പൂർണ്ണമായി ഉറപ്പാക്കുകയും ചെയ്യേണ്ടതാകുന്ന എന്ന് ഉത്തരവ് നിഷ്കർഷിക്കുന്നു. എന്നാൽ രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്തും അതിന്റെ അനുബന്ധ സ്ഥാപനങ്ങളും സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന മൊത്തം സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷിക പ്രൊക്യൂയർമെന്റ് പ്ലാൻ തൻ വർഷം തയ്യാറാക്കിയിട്ടില്ല. ആയത് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-19 ഗവ.എൽ.പി.സ്കൂളുകളിലേക്ക് ഡിജിറ്റൽ ബോർഡ് സ്ഥാപിക്കൽ - ഫയൽ ഹാജരാക്കിയില്ല

അറക്കുളം ഗ്രാമ പഞ്ചായത്തിൽ 2019-20 വർഷം എച്ച്.എം.ജി.എൽ.പി.എസ്. പതിപ്പള്ളി നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്ത ഗവ.എൽ.പി. സ്കൂളുകളിലേക്ക് ഡിജിറ്റൽ ബോർഡ് സ്ഥാപിക്കൽ എന്ന പദ്ധതിക്കായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് ₹300000/- വകയിരുത്തുകയും പദ്ധതി നടത്തിപ്പിനായി 28.06.2019-ൽ അറക്കുളം ജില്ലാ ട്രഷറിയിൽ നിന്നും ₹271000/- പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് പ്രോജക്ട്, പദ്ധതിയുടെ ചെലവ് വിവരങ്ങൾ, ഡിജിറ്റൽ ബോർഡ് സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ ഉൾപ്പെടെ യാതൊന്നും രേഖാമൂലം ആവശ്യപ്പെട്ടിട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഫയൽ പിന്നീട് ഹാജരാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ആയതിനാൽ പദ്ധതിക്കായി ചെലവഴിച്ച ₹271000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-20 ലാപ്ടോപ്പ് നൽകൽ (പട്ടിക വർഗ്ഗം) എന്ന പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

അറക്കുളം ഗ്രാമ പഞ്ചായത്തിൽ 2019-20 വർഷം എച്ച്.എം.ജി.എൽ.പി.എസ്. പതിപ്പള്ളി നിർവ്വഹണ ഉദ്യോഗസ്ഥനായി ലാപ്ടോപ്പ് നൽകൽ (പട്ടിക വർഗ്ഗം) എന്ന പദ്ധതിക്കായി ₹424225/- വകയിരുത്തുകയും പദ്ധതിക്കായി 25.01.2020 തീയതിയിലെ 1144051 നമ്പർ ബിൽ പ്രകാരംരം ₹414000/- ചെലവഴിച്ചിട്ടുണ്ട്. ലാപ്പ് ടോപ്പ് 15 വിദ്യാർത്ഥികൾ കൈപ്പറ്റിയതായി കാണുന്നു. എന്നാൽ ലാപ്പ് ടോപ്പ് വാങ്ങിയതിന്റെ ടെണ്ടർ നടപടിക്രമങ്ങൾ സംബന്ധിച്ച വിവരവും ഗുണഭോക്താക്കളുടെ അപേക്ഷകളും പരിശോധനയ്ക്കു ലഭ്യമാക്കിയിട്ടില്ല. ആയതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടപ്പോൾ പ്രസ്തുത രേഖകൾ പിന്നീട് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതിക്കായി ചെലവഴിച്ച ₹414000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

2-1 വാല്യുവേഷനിലും കുറഞ്ഞ തുക ഈടാക്കി സാധനങ്ങൾ വിൽപ്പന നടത്തി- നഷ്ടം ₹112,862/-

2019-20 സാമ്പത്തിക വർഷത്തിൽ അറക്കുളം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെ സൂചിപ്പിക്കുന്ന ഇനങ്ങൾ ലേലം ചെയ്തപ്പോൾ വാല്യുവേഷനിൽ നിന്നും വളരെ കുറവായ തുക ഈടാക്കി ലേലത്തിൽ നൽകിയതായി കാണുന്നു. സാധനങ്ങൾ ലേലത്തിൽ പോകാത്തതിനാലും വീണ്ടും വാല്യുവേഷൻ എടുക്കുന്നതിന് സമയം ഇല്ലാത്തതിനാലും ക്വട്ടേഷൻ ക്ഷണിച്ച് കൂടിയ തുകയ്ക്ക് അംഗീകരിച്ച് കൊടുക്കുകയാണ് ചെയ്തതെന്നും ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. ജി.എസ് ടി, നികുതി എന്നിവ ഒടുക്കിയിട്ടുണ്ട്. ലേലത്തിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ലേലം കൊണ്ട ആളുടെ വിവരം | വാല്യുവേഷൻ തുക / തീയതി | അവസാനം ലേലം നടത്തിയ തീയതി | ക്വട്ടേഷൻ വഴി ഈടാക്കിയ തുക / തീയതി | വാല്യുവേഷൻ തുക ഈടാക്കാത്തതിനാൽ ഉണ്ടായ നഷ്ടം |
|---|---|---|---|---|---|---|
| 1 | ഇടക്കര ജംഗ്ഷന് സമീപം കടപുഴകി വീണ ഈട്ടിമരം | അബ്ദുൾ ജബ്ബാർ, തകിടിയേൽ കുടത്തൂർ | 71281/ 29-08-19 | 14-01-2020 | 25100/ 05-03-2020 | 46181 |
| 2 | കാലി ബിറ്റുമിൻ ബാരലുകൾ | ചാക്കോ ആന്റണി കരികാണാംപാറയിൽ കാവുംപടി | 19478/ 09-07-2019 | 06-12-19 | 4000/ 20-03-20 | 15478 |
| 3 | അറക്കുളം മൃഗാശുപത്രിക്ക് സമീപം വെട്ടിമാറ്റിയ പ്ലാവിന്റെ കഷണങ്ങൾ | ജബ്ബാർ ടി.കെ. തകടിയേൽ കുടയത്തൂർ | 45600/ 22-07-2019 | 06-12-2019 | 29000/ 16-03-2020 | 16600 |
| 4 | പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന ഉപയോഗശൂന്യമായ സാധനങ്ങൾ | അനസ് കുറ്റിമരത്തിൽ | 18750/ 17-05-2019 | 11-06-19 (രണ്ടാം ലേലം) | 11500/ 11-06-19(ലേല പ്രകാരം) | 7250 |
| 5 | മണപ്പാടി പാലത്തിനു സമീപം തോട്ടിൽ വീണു | ജബ്ബാർ തകിടിയേൽ | 49853/ 12-09-2018 | 15-02-2019 | 22500/ 19-06-2019 | 27353 |

| | | | | | | |
|---|---|---|---|---|---|---|
| | കിടക്കുന്ന ആഞ്ഞിലി മരം | | | | | |
| വാല്വുവേഷൻ തുക ഈടാക്കാത്തതിനാൽ ഉണ്ടായ ആകെ നഷ്ടം | | | | | | ₹112,862/-(ഒരു ലക്ഷത്തി പന്ത്രണ്ടായിരത്തി എണ്ണൂറ്റി അറുപത്തി രണ്ട്) |

വാല്യുവേഷനിലും കുറഞ്ഞ തുകയ്ക്ക് ലേലം അംഗീകരിച്ചതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക്(നം.8/14.07.2021) മറുപടിയായി ലേലം കൊള്ളാൻ ആളില്ലാത്ത സാഹചര്യത്തിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരമാണ് പുതുക്കിയ വാല്യുവേഷന് വേണ്ടി അപേക്ഷിക്കാതെ ക്വട്ടേഷൻ ക്ഷണിച്ച് മേൽ സാധനങ്ങൾ വിൽപ്പന നടത്തിയത് എന്നാണ് അറിയിച്ചത്. വാല്യുവേഷൻ തുകയ്ക്ക് സാധനങ്ങൾ ലേലം നടന്നില്ലെങ്കിൽ പുതുക്കിയ വാല്യുവേഷൻ വാങ്ങുന്നതിന് പകരം ചുരുങ്ങിയ സമയത്തിനുള്ളിൽത്തന്നെ ക്വട്ടേഷൻ നടത്തി ലഭ്യമായ തുകയ്ക്ക് സാധനങ്ങൾ നൽകിയിരിയ്ക്കുന്നത് ചട്ടവിരുദ്ധവും സ്ഥാപിത താൽപ്പര്യങ്ങൾ മുൻനിർത്തിയും പൊതുമുതൽ അശ്രദ്ധമായി കൈകാര്യം ചെയ്യുന്നതിന് ഉത്തമ ദൃഷ്ടാന്തവും ആണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യത്തെ സംബന്ധിച്ച് തൃപ്തികരമായ മറുപടി ലഭ്യമാക്കാത്ത പക്ഷം നഷ്ടത്തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു. | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് തുക ₹ | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 34956 | 2019-2020 | 250000 | ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവരുടെ സ്കോളർഷിപ്പ് | 179270 | 105686 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 2019-2020 | 250000 | വൃക്കരോഗികളുടെ ഡയാലിസിസ് | 0 | 250000 |
| ബ്ലോക്ക് പഞ്ചായത്ത് | 50000 | 0 | 0 | എസ്.റ്റി കുട്ടികൾക്ക് പഠനമുറി | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 13688 | 2019-2020 | 2500000 | ലൈഫ് ഭവനപദ്ധതി (ജനറൽ) | 2500042 | 35345 (₹21699-പലിശ) |
| ബ്ലോക്ക് പഞ്ചായത്ത് | 6600 | 2019-2020 | 880000 | ലൈഫ് ഭവനപദ്ധതി (എസ്.സി.പി) | 240000 | 646600 |
| ബ്ലോക്ക് പഞ്ചായത്ത് | 3300 | 0 | 0 | ലൈഫ് ഭവനപദ്ധതി (റ്റി.എസ്.പി.) | 0 | 3300 |
| ജില്ലാ പഞ്ചായത്ത് | 205000 | 0 | 0 | ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവരുടെ സ്കോളർഷിപ്പ് | 205000 | 0 |
| ജില്ലാ പഞ്ചായത്ത് | 252 | 0 | 0 | ലൈഫ് ഭവനപദ്ധതി (എസ്.സി.പി) | 252 | 0 |
| ജില്ലാ പഞ്ചായത്ത് | 8035 | 0 | 0 | ലൈഫ് ഭവനപദ്ധതി (റ്റി.എസ്.പി.) | 8035 | 0 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

### 4-4 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ | പ്രവൃത്തിയുടെ | വൗച്ചർ | മുൻക്കൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | പേര് | നമ്പർ/ ചെക്ക് നം. | നൽകിയ തുക ₹ | തുക ₹ | ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| ഭൂജലവകുപ്പ് തൊടുപുഴ | പി.എച്ച്.സി-കുഴൽ കിണർ നിർമ്മാണം | 21901194/ 10.02.2020 | 44310 | 44310 | 0 |

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹6010000/- വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി/ | ലഭിച്ച വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ജവഹർ ഭവന പദ്ധതി | ജി.ഒ ഏം.എസ് നം. 1577/2015/ തസ്വഭ/ തി.27.05.2015 | 0 | 14500000 | 2100000 | 400000 | 12400000 |
| ലൈഫ് ഭവന പദ്ധതി- കെ.യു.ആർ.ഡി എഫ്.സി | ജി.ഒ ഏം.എസ് നം. 68/2018/ തസ്വഭ/ തി.18.08.2018 | 6010000 | 9060000 | 1308824 | 0 | 13761176 |

.

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പ്രത്യേക ഓഡിറ്റ് | | 2012-13 | 2-4 | ലഘു അവലോകനം, റിപ്പോർട്ടുകൾ | ലഭ്യമല്ല |
| പ്രത്യേക ഓഡിറ്റ് | | 2013-14 | 5-2 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും | ലഭ്യമല്ല |

4-9 ചാർജ്,സർചാർജ്

എ) ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം കാണിക്കുന്ന പത്രിക

-ഇല്ല-

ബി) സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം കാണിക്കുന്ന പത്രിക

| | | | | സർചാർജ് സർട്ടിഫിക്കറ്റ് | | | | കോടതി വ്യവഹാരങ്ങളിൽ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം., ഭരണ വകുപ്പ് | നം./ തീയതി | തുക | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക, തീയതി | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1996-97 | 32 | എം. എസ്. അന്നക്കുട്ടി, സെക്രട്ടറി | LF-28318/Spl. Cell/SC2/99 Dt.16.1.2002 | 2219 | 2219/- നം..330/ 61030/ 31.3.2000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 0 | |
| 2 | 1996-97 | 34 | ജയ്സമ്മ ജോസുകുട്ടി, പ്രസിഡന്റ് | LF-28318/Spl. Cell/SC2/99 Dt.16.1.2002 | 6000 | 6000/- 27/10380/ 3.11.2001 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 0 | |
| 3 | 2001-02 | 2-7 | തോമസ് ജേക്കബ്, അസി. എന്ജിനീയർ | LF-14471/Spl. Cell/SC2/05 Dt.16.12.06 | 1536 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1536 | |
| 4 | 2003-04 | 3-5(1) | ഷാജി എം.എസ്, അസി. എൻജിനീയർ | LF-2497/Spl. Cell/SC2/08 Dt.5.5.2010 | 8378 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 8378 | |
| 5 | 2003-04 | 3-5(2) | ഷാജി എം.എസ്, അസി. എൻജിനീയർ | LF-1975/Spl. Cell/SC2/08 Dt.5.5.2010 | 6502 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 6502 | |
| 6 | 2008-09 | 2.6 | പി. എം. ജോണി, സെക്രട്ടറി | LF-1975/Spl. Cell/SC2/13 Dt.10.3.15 | 38841 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 38841 | |
| 7 | 2013-14 | 3.1 | സജി തോമസ്, സെക്രട്ടറി | LF-1896/Spl. Cell/SC2/ 2016(1) Dt.31.3.18 | 550000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 550000 | |
| 8 | 2013-14 | 3.2 | സജി തോമസ്, സെക്രട്ടറി | LF-1896/Spl. Cell/SC2/ 2016(2) Dt.31.3.18 | 210000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 210000 | |

**4-10 ഓഡിറ്റ് പ്രത്യവലോകനം**

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 86046976 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 83267069 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 112,862/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2285000 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-12(1,2,3) | 78,259 | - | സോണിയ പി.മാത്യു, സെക്രട്ടറി |
| 1-12(4,5) | 34,603 | - | അംബിക സി., സെക്രട്ടറി |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 1600000 | ശ്രീമതി. വത്സമ്മ എൻ.റ്റി, എച്ച്.എം. ജി.എൽ.പി.എസ്. പതിപ്പള്ളി |
| 1-19 | 271000 | ശ്രീമതി. വത്സമ്മ എൻ.റ്റി, |

| | | |
|---|---|---|
| | | എച്ച്.എം. ജി.എൽ.പി.എസ്. പതിപ്പള്ളി |
| 1-20 | 414000 | ശ്രീമതി. വത്സമ്മ എൻ.റ്റി, എച്ച്.എം. ജി.എൽ.പി.എസ്. പതിപ്പള്ളി |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സോണിയ പി.മാത്യു, സെക്രട്ടറി | സെക്രട്ടറി, പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത്, കോട്ടയം | സോണിയ പി.മാത്യു, മാങ്ങകണ്ടത്തിൽ, നരിയാതുരുത്ത് പി.ഒ., കോട്ടയം. |
| അംബിക സി., സെക്രട്ടറി | സെക്രട്ടറി, പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട | അംബിക സി., കൃഷ്ണ(H), മുട്ടം പി.ഒ., തുമ്പമൺ, പത്തനംതിട്ട-689502 |
| ശ്രീമതി. വത്സമ്മ എൻ.റ്റി. | എച്ച്.എം.ജി.എൽ.പി.എസ്. പതിപ്പള്ളി | മേക്കല്ലായിൽ വീട് ദേവപാറ പി.ഒ. പൂച്ചപ്ര ഇടുക്കി 685588 |

<u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നം. |
|---|---|---|---|
| 1996-1997 | എൽ.എഫ്.ഐ.9/285/98/ 16.10.98/ 30.11.98 | 21 | 29 മുതൽ 49 വരെ |
| 1997-1998 | എൽ.എഫ്.ഐ.9/416/99/ 19.02.2000 | 16 | 1, 9, 12, 13, 14, 20, 21, 23, 26(1, 2), 27, 29മുതൽ 32 വരെ, 34, 37 |
| 1998-1999 | എൽ.എഫ്.ഐ.9/293/2000/ 17.10.2000 | 19 | 12, 13, 14, 20 മുതൽ 26വരെ, 30, 32, 33, 35, 39, |

| | | | |
|---|---|---|---|
| | | | 40,41, 42, 44 |
| 1999-2000 | എൽ.എഫ്.ഐ.9/94/02/ 26.08.2002 | 18 | 9, 21 മുതൽ 37 വരെ |
| 2000-2001 | എൽ.എഫ്.ഐ.9/114/03/ 05.04.2003 | 9 | 20, 22 മുതൽ 29 വരെ |
| 2001-2002 | എൽ.എഫ്.ഐ.9/564/03/ 19.01.2004 | 23 | 2-1, 2-3 മുതൽ 2-8വരെ 3-1മുതൽ 3-16 വരെ |
| 2002-2003 | എൽ.എഫ്.ഐ.9/661/05/ 08.12.2006 | 15 | 1-1, 2-1, 2-2, 3-1മുതൽ 3-12 വരെ |
| 2003-2004 | എൽ.എഫ്.ഐ.9/448/06/ 13.10.2006 | 16 | 2-1മുതൽ 2-5വരെ 3-1മുതൽ 3-10 വരെ, 3-12 |
| 2014-2005 | എൽ.എഫ്.ഐ.9/1033/07/ 17.01.2008 | 18 | 2-1മുതൽ 2-12വരെ, 3-1, 3-3 മുതൽ 3-7 വരെ |
| 2005-2006 | എൽ.എഫ്.ഐ.9/559/08/ 21.09.2009 | 8 | 2-1മുതൽ 2-6വരെ, 3-1 മുതൽ 3-3 വരെ |
| 2006-2007 | എൽ.എഫ്.ഐ.9/570/10/ 10.06.2010 | 14 | 2-1 മുതൽ 2-4വരെ 3-1മുതൽ 3-10 വരെ |
| 2007-2008 | എൽ.എഫ്.ഐ.13/1439/13/ 06.01.2014 | 20 | 2-1 മുതൽ 2-8വരെ 3-1 മുതൽ3-14വരെ |
| 2008-2009 | കെ.എസ്.എ-ഐ.ഡി.കെ.13/1030/15/ | 12 | 2-2 മുതൽ 2-6വരെ |

| | | | |
|---|---|---|---|
| | 17.10.15 | | 3-1 മുതൽ 3-7വരെ |
| 2009-2010 | കെ.എസ്.എ-ഐ.ഡി.കെ.13/305/15/ 10.05.2016 | 10 | 2-2 മുതൽ2-5വരെ 3-1മുതൽ 3-5,വരെ 3-7 |
| 2010-2011 | കെ.എസ്.എ-ഐ.ഡി.കെ.13/1048/15/ 05.01.2016 | 16 | 2-2(ബി),2-3,2-4,2-5,2-6, 2-8,2-9, 3-2 മുതൽ3-9വരെ |
| 2011-2012 | കെ.എസ്.എ-ഐ.ഡി.കെ.13/744/16/ 14.11.2016 | 14 | 2-2 2-4 3-2,3-3, 3-4,3-6, 3-7,3-8,3-9,3-10,3-11, 3-12,3-14,3-15 |
| 2012-2013 | കെ.എസ്.എ-ഐ.ഡി.കെ.13/1096/ 2014/13.11.2014 | 15 | 2-1,3-1,3-2,3-3, 3-6മുതൽ 3-16വരെ |
| 2013-2014 | കെ.എസ്.എ-ഐ.ഡി.കെ.13/1008/17/ 19.01.2018 | 25 | 2-1,2-2,2-3, 3-1മുതൽ 3-22വരെ |
| 2014-2015 | കെ.എസ്.എ-ഐ.ഡി.കെ.13945/18/ 01.09.2018 | 12 | 2-1മുതൽ 2-4വരെ 3-1 മുതൽ 3-8വരെ |
| 2015-2016 | കെ.എസ്.എ-ഐ.ഡി.കെ.13/1091/17/ 12.01.2018 | 9 | 3-1 മുതൽ 3-7വരെ, 3-9, 3-10 |
| 2016-2017 | കെ.എസ്.എ-ഐ.ഡി.കെ.13/44/18/ 22.03.2018 | 17 | 2-1,2-2,2-5,2-6,2-7 3-1,3-2, 3-4 മുതൽ 3-13വരെ |
| 2017-18 | കെ.എസ്.എ- | 7 | 1-12, 2- |

| | | | |
|---|---|---|---|
| | ഐ.ഡി.കെ.13/1246/18/<br>29.11.2018 | | 2(ബി),<br>2-2(സി),<br>2-3,3-1, 3-<br>5,3-6 |
| 2018-19 | കെ.എസ്.എ-<br>ഐ.ഡി.കെ.13/741/2019/<br>04.09.2019 | 18 | 2-1,2-2,2-<br>3,2-4<br>3-1 മുതൽ 3-<br>14<br>വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ അറക്കുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്